പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 757 — 24/01/2018 ൽ മറുപടിക്ക്

## ശബരിമല ഇടത്താവളം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ കെ. മുരളീധരൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ഏതൊക്കെ ക്ഷേത്രങ്ങളെ യാണ് ശബരിമല ഇടത്താവളായി പ്രഖ്യാപിച്ചിട്ടുള്ളത്; | (എ) | പാലക്കാട് ജില്ലയിലെ ചിനക്കത്തൂർ ഭഗവതി ക്ഷേത്രം, ത്രിപ്പല്ലാവൂർ ശിവക്ഷേത്രം. തൃശ്ശൂർ ജില്ലയിലെ ശ്രീ. തത്തല്ലൂർ ശിവക്ഷേത്രം. മലപ്പുറം ജില്ലയിലെ ശ്രീ കാടാമ്പുഴ ഭഗവതി ക്ഷേത്രം, ശ്രീ. കാളികാവ് ഭഗവതി ക്ഷേത്രം, ശ്രീ. ചമ്രവട്ടം അയ്യപ്പ ക്ഷേത്രം. വയനാട് ജില്ലയിലെ ബത്തേരി ശ്രീ മാരിയമ്മൻ ക്ഷേത്രം. കോഴിക്കോട് ജില്ലയിലെ ശ്രീ. പിഷാരിക്കാവ് ദേവി ക്ഷേത്രം. കണ്ണൂർ ജില്ലയിലെ തലശ്ശേരി ശ്രീ. തിരുവങ്ങാട് ശ്രീരാമസ്വാമി ക്ഷേത്രം, തളിപ്പറമ്പ് ശ്രീ. രാജരാജേശ്വര ക്ഷേത്രം, കാസർഗോഡ് ജില്ലയിലെ മധൂർ ശ്രീ. മദനന്തേശ്വര സിദ്ധി വിനായക ക്ഷേത്രം. |
| (ബി) | ഇപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള ശബരിമല ഇടത്താവളങ്ങളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; പ്രസ്തുത അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്ന് വ്യക്തമാക്കാമോ; | (ബി) | തീർത്ഥാടകർക്കായി താമസം ഭക്ഷണം വാഹനപാർക്കിംഗ് സൗകര്യം എന്നീ സൗകര്യങ്ങൾ, ശുചിമുറികൾ എന്നിവ ഒരുക്കാനാണ് വിഭാവനം ചെയ്യുന്നത്. ശബരിമല ഇടത്താവളങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ പ്രാരംഭ ദിശയിലാണ്. ഫണ്ട് അനുവദിച്ചിട്ടില്ല. |
| (സി) | ശബരിമല ഇടത്താവളങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് ഇതിന് അനുമതി നൽകിയിട്ടുള്ളത്; | (സി) | ഉണ്ട്. ഇൻഡ്യൻ ഓയിൽ കോർപറേഷൻ എന്ന പൊതു മേഖലാ സ്ഥാപനവുമായി സഹകരിച്ച് ലീവ് & ലൈസൻസ് വ്യവസ്ഥയിൽ ഇടത്താവളം നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. |
| (ഡി) | ശബരിമല ഇടത്താവളങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ദേവസ്വങ്ങളുടെ സ്ഥലം ഏതെങ്കിലും സ്വകാര്യ/പൊതുമേഖല ഏജൻസികൾക്കോ സ്ഥാപനങ്ങൾക്കോ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ദേവസ്വം ബോർഡുകളുടെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ? | (ഡി) | മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ശ്രീ കാടാമ്പുഴ ദേവസ്വം, ശ്രീ. നെല്ലിയോട്ട് ദേവസ്വം, ശ്രീ. തൃത്തല്ലൂർ ശിവക്ഷേത്രം, എന്നീ ക്ഷേത്ര അധികാരികൾ എൻ.ഒ.സി സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ടി ക്ഷേത്രങ്ങളുടെ ഭൂമിയിൽ ഇടത്താവളങ്ങൾ വികസിപ്പിക്കാൻ അനുമതി നൽകിയത്. |

സെക്ഷൻ ഓഫീസർ